**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2447 | 12.06.2018-ലെ മറുപടിയ്ക്ക്

**എറണാകുളം പനമ്പള്ളി നഗറിലെ സ്പോർട്സ് സ്കൂൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി. തോമസ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | എറണാകുളം പനമ്പള്ളി നഗറിലുള്ള സ്പോർട്സ് സ്കൂളിൽ വോളിബോൾ കോർട്ട് , ആധുനിക രീതിയിലുള്ള ആഡിറ്റോറിയം, ഡൈനിങ്ങ് ഹാൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എറണാകുളം പനമ്പള്ളി നഗറിലുള്ള ഗവ.ഹയർ സെക്കന്ററി സ്കൂളിൽ വോളിബോൾ കോർട്ട് നിലവിലുണ്ട്. സ്കൂളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിച്ചു വരുന്നു. ആയതിനോട് ചേർന്ന് ഡൈനിംഗ് ഹാളും നിലവിലുണ്ട്. കൂടാതെ ഫുട്ബോൾ, വോളിബോൾ, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ പനമ്പള്ളി നഗർ ഗവ.ഹയർ സെക്കന്ററി സ്കൂളിൽ പ്രവർത്തിച്ചു വരുന്നു. ടി ഇനങ്ങളിൽ വിദഗ്ധ പരിശീലകർ കായിക താരങ്ങൾക്ക് പരിശീലനം നൽകി വരുന്നു. |
| (ബി) | ഇവ നിർമ്മിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**